കെ.എച്ച്.ആർ.ഡബ്ല്യു.എസിന് കീഴിലുള്ള സംവിധാനങ്ങൾ

160 (871)ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. കെ. ബാബു :

ശ്രീ. അടൂർ പ്രകാശ് :

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെ ഏതെല്ലാം യന്ത്രസംവിധാനങ്ങളാണ് കെ.എസ്.ആർ.ഡബ്ലിയു.എസിനെ ഏൽപ്പിച്ചത് ള്ളത്;

(ബി) ഈ സംവിധാനങ്ങൾ പ്രസ്തുത സൊസൈറ്റിയെ ഏൽപ്പിച്ച് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സംവിധാനങ്ങൾ ഉപയോഗിച്ച് ചികിൽസ ലഭ്യമാക്കുന്ന ഡോക്ടർമാരെയും കെ.എച്ച്.ആർ.ഡബ്ല്യൂ.എസിന്റെ കീഴിലാക്കി അവരുടെ സേവനത്തിനുകൂടി ചാർജ് ഈടാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇപ്രകാരം ചെയ്യുന്നത് കൂടുതൽ വരുമാനമുണ്ടാക്കുവാൻ സഹായമാകുമോ എന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ)&(ബി) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെ യന്ത്രസംവിധാനങ്ങൾ കെ.എച്ച്.ആർ.ഡബ്ല്യൂ.എസിനെ ഏൽപ്പിച്ചിട്ടില്ല. എന്നാൽ ക്യാൻസർ ചികിൽസാ പദ്ധതിയുടെ ഭാഗമായി കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ച ധനസഹായം കൂടി ഉപയോഗിച്ച് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ സ്ഥാപിച്ച ടെലി കോബാൾട്ട് യൂണിറ്റിന്റേയും അതിന്റെ തുടർന്നുള്ള നടത്തിപ്പിന്റേയും ചുമതലകൾ കെ.എച്ച്.ആർ.ഡബ്ല്യൂ.എസിനെ ഏൽപ്പിച്ചിട്ടുണ്ട്. പ്രസ്തുത യൂണിറ്റിൽ നിന്നുള്ള വരുമാനം യൂണിറ്റിന്റെ വികസനത്തിനും നിർദ്ധനരായ ക്യാൻസർ രോഗികളുടെ ചികിൽസയ്ക്കുമായി വിനിയോഗിച്ചു വരുന്നു. കൂടാതെ ബഡ്ജറ്റിൽ പണം ലഭ്യമാകാത്ത വലിയ മുതൽമുടക്കുള്ള ചില ഉപകരണങ്ങളുടെ അപര്യാപ്തത മെഡിക്കൽ കോളേജ് ആശുപത്രികളിൽ ചൂണ്ടിക്കാണിക്കപ്പെടുന്നു. ഇതിന് പരിഹാരമായി ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കടം എടുത്ത് പ്രധാനപ്പെട്ട ചില യന്ത്രോപകരണങ്ങൾ കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. മുതൽമുടക്കി വാങ്ങി മെഡിക്കൽ കോളേജാശുപത്രികളിൽ സ്ഥാപിച്ചിട്ടുണ്ട്. അങ്ങനെ സ്ഥാപിച്ചിട്ടുള്ള യന്ത്രോപകരണങ്ങളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി)&(ഡി) ഇത്തരം ഒരു നിർദ്ദേശം പരിഗണനയിലില്ല.

ചങ്ങനാശ്ശേരി ഗവൺമെന്റാശുപത്രിയിലെ കെ.എച്ച്. ആർ.ഡബ്ല്യൂ.എസ് പേവാർഡ്

161 (872)ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) ചങ്ങനാശ്ശേരി ഗവൺമെന്റാശുപത്രിയിലെ കെ.എച്ച്.ആർ.ഡബ്ല്യു.എസ്. പേവാർഡ് പുനരുദ്ധരിക്കുന്നതിനുള്ള ജോലി എന്നത്തേയ്ക്ക് പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(ബി) പുനരുദ്ധാരണത്തിൽപ്പെടുത്തി എന്തെല്ലാം ജോലികളാണ് ചെയ്യുവാൻ ഉദ്ദേശിക്കുന്നത്;

(സി) പുനരുദ്ധാരണ ജോലികൾക്കുള്ള ചെലവിന്റെ എസ്റ്റിമേറ്റ് എത്ര;

(ഡി) ഈ ആശുപത്രിയിലുള്ള കെ.എച്ച്.ആർ.ഡബ്ല്യു.എസിന്റെ ജനതാ പേവാർഡ് തകർന്ന നിലയിലാണോ;

(ഇ) ഇത് എന്ന് പണികഴിപ്പിച്ചതാണ്;

(എഫ്) ഇത് തകർത്തതിന്റെ കാരണങ്ങളെക്കുറിച്ച് അന്വേഷിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ജി) ഈ വാർഡ് അറ്റകുറ്റപ്പണികൾ നടത്തി പുനരുദ്ധരിക്കുവാൻ സാധിക്കുമോ;

(എച്ച്) ഇല്ലെങ്കിൽ ഈ വാർഡ് പൊളിച്ചുമാറ്റി പുതിയ വാർഡ് നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഒരുമാസത്തിനുള്ളിൽ

(ബി) ഇലക്ട്രിക്കൽ, സാനിട്ടറി, സിവിൽ പണികൾ എന്നിവ ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) ഇലക്ട്രിക്കൽ പണിക്ക് 1,10,000/-രൂപയും (ഒരുലക്ഷത്തി പതിനായിരം രൂപ). സിവിൽ-സാനിട്ടറി പണികൾക്ക് 1,83,548 രൂപയും (ഒരുലക്ഷത്തി എൺപത്തിമൂവായിരത്തി അഞ്ഞൂറ്റി നാൽപ്പത്തെട്ട് രൂപ) ആണ് എസ്റ്റിമേറ്റ്.

(ഡി) ജനതാ പേവാർഡിന്റെ കെട്ടിടത്തിന്റെ ഭിത്തികൾക്ക് വിള്ളൽ സംഭവിച്ചതുമൂലം ഇപ്പോൾ കെട്ടിടത്തിന്റെ ഉറപ്പു നഷ്ടപ്പെട്ട നിലയിലാണ് കാണുന്നത്.

(ഇ) 1982-83 ൽ

(എഫ് മുതൽ എച്ച് വരെ) ഇക്കാര്യം കെ.എച്ച്.ആർ.ഡബ്ല്യു.എസ് പരിശോധിച്ച് വരുന്നു എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

വയനാട് ജില്ലാ ആശുപത്രി കെട്ടിടം

162(873)ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാനന്തവാടിയിലെ വയനാട് ജില്ലാ ആശുപത്രിക്ക് പുതിയ വാർഡുകളും മറ്റുമായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ട്; പണി എന്ന് പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly